മുകളിൽ സൂചിപ്പിച്ച പ്രകാരം നിലവിലുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അന്തർ സംസ്ഥാന നദീജല വിഷയങ്ങളിൽ സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് പ്രയോജനപ്രദമായ രീതിയിൽ നിലവിലുള്ള സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെറ്റ് ലാന്റ് സ്റ്റഡീസ്

95 (3726) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെറ്റ് ലാന്റ് സ്റ്റഡീസ് എന്ന സ്ഥാപനം കോട്ടയത്ത് തുടങ്ങുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) സാമ്പത്തിക നില മോശമായ സംസ്ഥാനത്തിന് ഒരു പുതിയ സംവിധാനം തുടങ്ങുന്നത് അഭിലഷണീയമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(സി) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെറ്റ് ലാന്റ് സ്റ്റഡീസ് എന്ന സ്ഥാപനത്തിന് ഒരു വർഷം എന്ത് ചെലവുവരുമെന്നാണ് കണക്കുകൂട്ടിയിട്ടുള്ളത് ;

(ഡി) വെറ്റ് ലാന്റ് പഠനം കൂടി സി.ഡബ്ല്യു.ആർ.ഡി.എം.-ന തന്നെ നടത്താൻ സാധിക്കുമോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെറ്റ് ലാന്റ് സ്റ്റഡീസ് കോട്ടയത്ത് തുടങ്ങുന്നതിനുള്ള അന്തിമ തീരുമാനം സർക്കാർ ഇതുവരെ എടുത്തിട്ടില്ല.

(ബി&സി) ബാധകമല്ല.

(ഡി) തണ്ണീർത്തടങ്ങളെ സംബന്ധിച്ചുള്ള പഠനം സി.ഡബ്ല്യു.ആർ.ഡി.എം. ഇപ്പോൾത്തന്നെ നടത്തിവരുന്നുണ്ട്.

ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ മദ്യ സൽക്കാര പരിപാടികൾ

96 (3727) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചീഫ് സെക്രട്ടറിയുൾപ്പെടെ ഒരു വിഭാഗം സീനിയർ ഐ.എ.എസ്/ ഐ.പി.എസ്. ഉദ്യോഗസ്ഥർ നടത്തിയ ദീപാവലി ആഘോഷം എവിടെ വച്ചായിരുന്നുവെന്നും ഇതിനായി എന്തെങ്കിലും സഹായം നൽകിയോയെന്നും

LIBRARY ARCHIVES Kerala Legislative Assembly